**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2412** **17-03-2022 - ൽ മറുപടിയ്ക്ക്**

**നോളഡ്ജ് എക്കോണമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പ്രമോദ് നാരായൺ | | null<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാരിന്റെ പ്രഖ്യാപിത നയമായ കേരള നോളഡ്ജ് എക്കോണമിയുടെ വികസന പൂർത്തീകരണത്തിനായുള്ള സർക്കാരിന്റെ പരിപാടികളെക്കുറിച്ച് വിശദമാക്കാമോ; | (എ) | കേരളത്തിലെ അഭ്യസ്തവിദ്യരായ തൊഴിൽരഹിതരെ അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കും നൈപുണ്യങ്ങൾക്കും അനുസൃതമായ വിജ്ഞാന തൊഴിലുകളിൽ ഏർപ്പെടുന്നതിനായി ലോകത്തെമ്പാടുമുള്ള നവലോക തൊഴിൽ അവസരങ്ങൾ കണ്ടെത്തി അവ പ്രാപ്തമാക്കാൻ ആവശ്യമായ പരിശീലനം നൽകി, തൊഴിൽ നൽകുക എന്നതാണ് കേരള നോളജ് എക്കോണമി മിഷൻ (Kerala Knowledge Economy Mission – KKEM) പദ്ധതി വഴി ലക്ഷ്യമിടുന്നത്. ഇതിന് കഴിയുന്ന രീതിയിൽ തൊഴിലന്വേഷകരെയും തൊഴിൽ ദാതാക്കളെയും ഒരു പ്ലാറ്റ്ഫോമിൽ കൊണ്ടുവരാനും ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ ഓരോരുത്തരുടെയും കഴിവും നൈപുണ്യവും കണ്ടെത്തി ആവശ്യമായ പരിശീലനവും സഹായവും നൽകാൻ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സഹായത്തോടെ ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) എന്നൊരു ഡിജിറ്റൽ പ്ലാറ്റ്ഫോം നിലവിൽ വന്നിട്ടുണ്ട്. കേരളത്തെ ഒരു വിജ്ഞാന സമ്പദ് വ്യവസ്ഥയാക്കി രൂപപ്പെടുത്തുന്ന വിധത്തിൽ, അഭ്യസ്തവിദ്യരുടെ തൊഴിൽശേഷിയും നമ്മുടെ വിദ്യാഭ്യാസ മേഖലയെയും നവലോക തൊഴിലുകളിലേയ്ക്ക് പ്രാപ്തരാക്കാൻ സ്വദേശത്തും വിദേശത്തുമുള്ള വിവിധ നൈപുണ്യ പരിശീലന ഏജൻസികളും വ്യവസായ സമൂഹവുമായി ചേർന്നുകൊണ്ടുള്ള ഒരു പ്രവർത്തന പരിപാടിക്കാണ് കേരള നോളജ് എക്കോണമി മിഷൻ ലക്ഷ്യമിടുന്നത്. കുടുംബശ്രീ, അസാപ്, KASE, ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ, ICTAK, സ്റ്റാർട്ട് അപ് മിഷൻ തുടങ്ങിയ സർക്കാർ - സർക്കാരിതര ഏജൻസികളുമായി ചേർന്ന്, വരുന്ന അഞ്ച് വർഷത്തിനകം 20 ലക്ഷം പേർക്ക് തൊഴിൽ |

| | | | |
|---|---|---|---|
| | | | നൽകുന്നതിനാണ് പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്. പ്രാദേശിക സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലായ കൃഷി, മൃഗസംരക്ഷണം, ഡയറി, MSME, വ്യവസായം തുടങ്ങിയവയെ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്താലും ഡിജിറ്റൽ പ്ലാറ്റ് ഫോമുകളായി ബന്ധിപ്പിച്ചും പ്രാദേശിക തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാനും നോളജ് എക്കോണമി മിഷൻ ലക്ഷ്യമിടുന്നു. സമൂഹത്തിലെ സമൂഹ്യവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്നവർക്കും ദുർബല ജനവിഭാഗങ്ങൾക്കും തൊഴിൽ നൈപുണ്യം ആർജ്ജിക്കാനും പരിശീലനങ്ങൾക്കും സ്കോളർഷിപ്പുകളും ഇൻസെന്റീവുകളും ഏർപ്പെടുത്തിയിട്ടുണ്ട്. പരിശീലനങ്ങൾക്ക് ധനകാര്യ സ്ഥാപനങ്ങളുമായി ചേർന്ന് പലിശരഹിത വായ്പയുള്ള സംവിധാനവും പദ്ധതിരേഖയിൽ വിഭാവനം ചെയ്യുന്നു. |
| (ബി) | കേരളാ നോളഡ്ജ് എക്കോണമിയുടെ ഭാഗമായി നിയോജകമണ്ഡലാടിസ്ഥാനത്തിൽ രൂപം കൊടുത്തുകൊണ്ടിരിക്കുന്ന റാന്നി സ്കിൽ ഹബ് പദ്ധതിയുടെ പൂർത്തീകരണത്തിനായി സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ? | (ബി) | റാന്നി നിയോജക മണ്ഡലത്തിൽ ഇന്നോവേഷൻ ഹബ് ഉൾപ്പെടെയുള്ള സ്കിൽ പാർക്ക് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ കെ-ഡിസ്കിൽ ലഭ്യമായിട്ടുള്ളത് പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ